ശ്രീ. കെ. രാഘവൻ മാസ്റ്റർ: പ്രശസ്തരായ കായികതാരങ്ങൾക്ക് അന്തർദ്ദേശീയ മീറ്റിൽ പങ്കെടുക്കാൻ പോകുന്നതിനുമുമ്പ് സാധാരണ കൊടുക്കുന്ന സ്പൈപ്പൻറിനു പുറമേ പ്രോൽസാഹനപരമായി വല്ല സഹായങ്ങളും നൽകുന്നുണ്ടോ?

ശ്രീ. കെ.പി. നൂറുദ്ദീൻ: അടുത്തു നടക്കാൻപോകുന്ന അന്തർദ്ദേശീയ നിലവാരങ്ങളിലുള്ള മൽസരങ്ങളിൽ നമ്മുടെ താരങ്ങൾക്ക് നല്ല പ്രകടനം കാഴ്ച വയ്ക്കാൻ പാകത്തിൽ എന്തെല്ലാം സൗകര്യം വേണമെങ്കിലും ചെയ്തുകൊടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് അതിന്റെ അസോസിയേഷന്റെ ആൾക്കാരെ വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ആവശ്യമായ ഏർപ്പാടുകൾ ചെയ്യാൻ അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: അത് എന്നു മുതലാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അടുത്തുവരുന്ന മൽസരങ്ങളിൽ പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലാണ് അവർ. അതിന്റെ മുന്നോടിയായി എന്തെല്ലാം സഹായങ്ങൾ വേണമെന്ന് അവരോട് ചോദിച്ചിട്ടുണ്ട്. അവരിൽനിന്നും മറുപടി കിട്ടുന്ന മുറയ്ക്ക് ആവശ്യമായ ഏർപ്പാടുകൾ ചെയ്യുന്നതാണ്.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

* 292 [432] ശ്രീ. വർക്കല രാധാകൃഷ്ണൻ:

,, ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) അവ നടപ്പിലാക്കിയിട്ടുണ്ടോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനത്തെയും കേരള മിനറൽ എക്സ്പ്ലൊറേഷൻ ആൻഡ് ഡെവലപ്പ്മെൻറ് പ്രോജക്ടിന്റെ ഘടനയേയും കുറിച്ച് പഠിക്കാൻ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ. എൻ. ജി. കെ. മൂർത്തിയെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി, ഡി) സ്പെഷ്യൽ ഓഫീസറുടെ ശുപാർശകൾ ഗവൺമെൻറ് പരിശോധിച്ചുവരികയാണ്. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്താൻ ഭരണപരമായ കാരണങ്ങളാൽ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൻറെ പ്രവർത്തനത്തിൻറെ ഭാഗമായിട്ടാണ് നമ്മുടെ നാട്ടിൽ വൈഡൂര്യം കുഴിച്ചെടുക്കുന്ന ബിസിനസ് വ്യാപകമായി നടക്കുന്നത്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഭീമമായ നഷ്ടം അതുകൊണ്ട് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഫലപ്രദമായ നിയമം നടപ്പിൽവരുത്തി അനധികൃതമായി നടക്കുന്ന ഈ വൈഡൂര്യഖനനം നിയന്ത്രിക്കാൻ ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: ഇപ്പോഴും നിയമപരമായ നടപടികളും എടുത്തു വരുന്നുണ്ട്. അതേസമയത്ത് അത് ഫലപ്രദമാകുന്നില്ല എന്നുള്ള ആക്ഷേപവും ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനത്തെത്തന്നെ എങ്ങനെ നമുക്ക് കൂടുതൽ ഫലപ്രദമാക്കിത്തീർക്കാൻ സാധിക്കും, അതുപോലെ കേരളാ മിനറൽ ആൻറ് എക്സ്പ്ലൊറേഷൻ ഡെവലപ്പ്മെൻറ് പ്രോജക്ടിന് എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് ശ്രീ. മൂർത്തിയെ നിയമിച്ചത്. ശ്രീ. മൂർത്തിയുടെ റിപ്പോർട്ട് ഗവൺമെൻറ് പഠിച്ചുവരികയാണ്. അതിലെ റെക്കമൻറേഷൻസ് നടപ്പിൽ വരുത്തുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പ്രശ്നങ്ങൾകൂടി പരിഹരിക്കുവാനും അതിന് ഫലപ്രദമായി നടപടികളും എടുക്കുവാനും സാധിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: എൻറെ അറിവനുസരിച്ച് ഈ റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയിട്ടുതന്നെ വളരെ സമയമായി. അതുകൊണ്ട് എത്രയും പെട്ടന്ന് ഈ റിപ്പോർട്ട് പ്രോസസ്സ് ചെയ്ത് ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: വളരെ സമയമൊന്നും ആയില്ല. കഴിയുന്നത്ര വേഗം നടപ്പിലാക്കാനാണ് ഗവൺമെൻറ് ശ്രമിക്കുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

യുവജനങ്ങൾക്കുവേണ്ടിയുള്ള വ്യവസായങ്ങൾ

* 293 [434] ശ്രീ. ബെന്നി ബഹനാൻ:
,, ജി. കാർത്തികേയൻ:
,, എം. എം. ഹസ്സൻ:
,, പന്തളം സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരും നിർദ്ദിഷ്ട യോഗ്യതയുള്ളവരുമായ യുവജനങ്ങൾക്കുവേണ്ടി ഏതെങ്കിലും വ്യവസായസംരംഭം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly